# അറിയിപ്പ്

എറണാകുളം മഹാരാജാസ് കോളേജിൽ 2022 ലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനത്തിന്റെ ഭാഗമായി വിവിധ പ്രോഗ്രാമുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (SC/ST) ഒഴിവുകൾ വന്ന സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷകൾ 2022 ഒക്ടോബർ 14 തിയതി രാവിലെ 9.30 മണി മുതൽ 1 മണി വരെ കോളേജ് ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതും പൂരിപ്പിച്ച അപേക്ഷകൾ അന്നേദിവസം 3.30 മണിവരെ കോളേജ് ഓഫീസിൽ സമ്മർപ്പിക്കാവുന്നതും ആണ്.

കോളേജിൽ അഡ്മിഷനുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യാൻ അവസരം ലഭിച്ചിട്ടും, റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട താൽപര്യമുള്ള വിദ്യാർത്ഥികൾക്ക്, ടി ദിവസങ്ങളിൽ കോളേജിൽ നിന്നും നൽകുന്ന പ്രത്യേക അപേക്ഷയോടൊപ്പം അവർ ഓണലൈൻ ആയി അപേക്ഷിച്ചിരുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം കോളേജ് ഓഫീസിൽ റിപ്പോർട് ചെയ്യാവുന്നതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇതുവരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്കും പ്രത്യേക അലോട്മെന്റിൽ അപേക്ഷിക്കാവുന്നതാണ്. ഇതുവരെ ഓൺലൈൻ ആയി അപേക്ഷിക്കാൻ സാധിക്കാതിരുന്നവർ മാത്രം പുതുതായി അപേക്ഷാഫീസ് ഒടുക്കിയാൽ മതിയാകും.

അപേക്ഷയോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1. അപേക്ഷഫീസ് രസീത് (ഇതുവരെ അപേക്ഷിക്കാത്തവർ)
2. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് (പകർപ്പ്)
3. ജാതിസർട്ടിഫിക്കറ്റ് (പകർപ്പ്)
4. ബോണസ് മാർക്കിന് അർഹതയുണ്ടങ്കിൽ അവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

11-10-2022

MAHARAJA'S COLLEGE ERNAKULAM COCHIN-682 011

പ്രിൻസിപ്പാൾ

SPECIAL GRADE PRINCIPAL
MAHARAJA'S COLLEGE
ERNAKULAM